ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുഖേന സർക്കാരിനും പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയർക്ക് നേരിട്ടും ലഭിച്ചിട്ടുള്ള പരാതിയിലെ വിവരങ്ങളെ അടിസ്ഥാനമാക്കി പൊതുമരാമത്ത് വകുപ്പന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു. ഹർജികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ടി ഉദ്യോഗസ്ഥനെ 23-7-14 തീയതി മുതൽ പ്രസ്തുത ഓഫീസിൽ നിന്ന് സ്ഥലം മാറ്റിയിട്ടുണ്ട്.

പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

337(3262) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവ്വഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ചു പരിശോധിക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽവച്ചും പരിശോധന നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രണനിലവാരം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് തടയാൻ എഗ്രിമെന്റ് പ്രകാരമുള്ള സമയത്തിന്റെ പകുതി മാത്രമേ പരമാവധി കാലാവധി നീട്ടികൊടുക്കാവൂ എന്ന് പൊതുമരാമത്ത് വകുപ്പ് മാന്വലിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ താരസം വരുത്തുന്ന കരാറുകാരന് പിഴയൗടാക്കാനും മാന്വലിൽ വ്യവസ്ഥയുണ്ട്. കൂടാതെ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരുടെ രജിസ്ട്രേഷൻ പുതുക്കാതെയിരിക്കുന്നതിന് കോൺട്രാക്ടേഴ്സ് നിയമ പ്രകാരം ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥന് അധികാരം നൽകിയിട്ടുണ്ട്. ഗ്രണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഓരോ പ്രവർത്തിക്കും ഗ്യാരണ്ടി പീരീയഡ് നിശ്ചയിച്ചിട്ടുള്ളതും ആയതിനുള്ളിൽ പ്രവൃത്തിക്ക് എന്തെങ്കിലും തകരാർ സംഭവിച്ചാൽ കരാറുകാരൻ ഉത്തരവാദിയാകുന്നതും സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതുമാണ്.

പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

338(3263) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായും അതുവഴി എം.എൽ.എ.-മാരുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വകുപ്പിൽ ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുടെ എണ്ണം എത്ര ; ഒഴിവുള്ളവ എത്ര ; ഇവയിൽ ബിരുദധാരികൾക്കായി മാറ്റിവച്ചവ എത്ര ;

(സി) പ്രൊമോഷൻവഴി ഡ്രാഫ്റ്റ്സ്മാൻമാർക്ക് നിയമനം ലഭിക്കേണ്ട തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരം 3:7 അനുപാതം പാലിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; പരാതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly